**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1115** **02.05.2017 ൽ മറുപടിയ്ക്ക്**

**പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംവിധാനം**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികളും പഴവർഗ്ഗങ്ങളും സംസ്ഥാനത്ത് വ്യാപകമായി വിൽക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3000/- രൂ. നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ജി എ പി സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക്' എന്ന ലോഗോയിൽ വിപണനം നടത്തി വരുന്നു<br>കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500/- രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകി.<br>ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ ചെലവഴിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകി. |
| (ബി) പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**